പുസ്തകം – 9 ലക്കം – 1
മാർച്ച് 2016
Internet Edition:
http://www.KoloSuryoyo
syriacchristianity.info//KS.htm
stmaryscathedral.manarcad
YouTube user/manarcadpalli

KOLO SURYOYO

ST. MARY'S YOUTH ASSOCIATION MANARCAD

ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ സാക്ഷികൾ ആകാം

ക്രിസ്തുവിന്റെ പുനരുത്ഥാനം ക്രൈസ്തവ സഭയുടെ അടിസ്ഥാനവും വിശ്വാസത്തിന്റെ കാതലും ആകുന്നു. ക്രിസ്തു ഉയർത്തിട്ടില്ലായെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം നിങ്ങളുടെ വിശ്വാസവും വ്യർത്ഥം എന്നുള്ള വി. പൗലോസിന്റെ വാക്കുകൾ (1 കോരി. 15–14) സഭയുടെ വിശ്വാസത്തിന്റെ പ്രഖ്യാപനമാണ്. സർവ്വലോകത്തിന്റെയും രക്ഷകൻ ആയ ക്രിസ്തുവിന്റെ രക്ഷാകര ദൗത്യം ആരംഭിക്കുന്നത് ഏദനിൽ ആണ്. പാപം ചെയ്തു ദൈവ തേജസ് നഷ്ടപ്പെടുത്തിയ മാനവജാതിയെ രക്ഷിക്കും എന്ന വാഗ്ദത്തം ഏദനിൽ ദൈവം വെളിപ്പെടുത്തി. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും (ഉല്പ 3.15). പ്രവചന പൂർത്തീകരണമായി കാലത്തിന്റെ തികവിൽ കന്യക ഗർഭം ധരിച്ച് ലോകരക്ഷകൻ ജാതം ചെയ്തും മൂന്നര വർഷം തന്റെ സുവിശേഷം ലോകത്തെ അറിയിച്ചു. അനേകരുടെ രോഗം സൗഖ്യപ്പെടുത്തി

പിശാച് ബാധിതരെ സ്വതന്ത്രരാക്കി മരിച്ചവരെ ഉയിർപ്പിച്ചു. മനുഷ്യരുടെ നിത്യജീവിതത്തെ ദുഃഖമയമാക്കുന്ന സകല കാര്യങ്ങൾക്കും നിത്യമായ പരിഹാരം നിർവ്വഹിച്ചു. കാൽവറി മലയിൽ സകല മനുഷ്യരുടെയും പാപം ചുമന്ന് മരക്കുരിശിൽ യാഗമായി തീർന്ന് പിതാവാം ദൈവത്തോട് ലോകത്തെ രമ്യതപ്പെടുത്തി. മൂന്നാം നാളിൽ പിശാചിനെയും മരണത്തെയും കല്ലറയെയും തോൽപ്പിച്ച് ഉയിർത്തെഴുന്നേറ്റു. നാം അനുഷ്ഠിക്കുന്ന നോമ്പും കഷ്ടാനുഭവ വാരവും ക്രിസ്തു ഏറ്റ കഷ്ടതയ്ക്ക് പകരമല്ല. മറിച്ച് നമ്മുടെ ആത്മാക്കളുടെ ശുദ്ധീകരണത്തിനാണ്. ഗോഗുൽത്തായിലേക്ക് ക്രൂശും വഹിച്ച് കടന്നുപോകുന്ന ക്രിസ്തുവിനെ നോക്കികരയുന്ന എബ്രായ സ്ത്രീകളോട് അവൻ പറയുന്നത് നിങ്ങൾ എന്നെ ചൊല്ലി കരയേണ്ട നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെ ചൊല്ലിയും കരയുവിൻ. ഈ നാളുകളിൽ നാം നമ്മുടെ പാപങ്ങളെ ഓർത്ത് അനുതപിക്കുകയും നമ്മുടെ മക്കൾ ദൈവസന്നിധിയിൽ വിശുദ്ധ ജീവിതം നയിക്കുവാൻ തക്കവണ്ണം മക്കളെയോർത്ത് ദൈവസന്നിധിയിൽ കരയുന്നവരാവുകയും ചെയ്യണം. ലോകത്ത് സാക്ഷ്യം നഷ്ടപ്പെട്ട സമൂഹമായി നാം ജീവിക്കരുത്. സ്കൂളുകളിലും കോളേജുകളിലും ജോലി സ്ഥലങ്ങളിലും കുടുംബത്തിലും നാം ക്രിസ്തുവിന്റെ സാക്ഷികൾ ആയിരിക്കണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഭാരതത്തിലും ക്രിസ്ത്യാനികൾ അതിക്രൂരമായ പീഡനങ്ങളിലൂടെ കടന്നുപോകുമ്പോൾ അവരെ ഓർക്കുവാനും അവർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്ന സന്തോഷത്തിന്റെ ആഘോഷങ്ങൾ നമുക്ക് തന്ന ദൈവത്തെ മഹത്വപ്പെടുത്തുവാനും സാധിക്കണം. നാം പാപത്തിൽനിന്ന് മോചനം പ്രാപിക്കുമ്പോൾ മാത്രമെ പുനരുത്ഥാനത്തിന്റെ ശക്തി നമ്മിൽ വെളിപ്പെടുകയുള്ളൂ. ശരീരം ദൈവാലയവും ജീവിതം ആരാധനയും ആക്കി ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാക്ഷികളായി നമുക്ക് ജീവിക്കാം. എല്ലാവർക്കും ഈസ്റ്ററിന്റെ മംഗളാശംസകൾ.

സെന്റ് മേരീസ് കോളേജിന് നാക് അക്രഡിറ്റേഷൻ ബി ഗ്രേഡ്

മണർകാട്: സെന്റ് മേരീസ് കോളേജിൽ യു. ജി. സി. യുടെ നാക് വിദഗ്ധ സംഘം പാഠ്യപാഠ്യേതര രംഗത്തെ മികവ് വിലയിരുത്താൻ മാർച്ച് 3,4,5 തീയതികളിൽ കോളേജ് സന്ദർശിച്ചു. തിരുപ്പതി വെങ്കിടേശ്വര യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലറും പ്രൊഫസറുമായ ഡോ. ഡബ്ല്യു രാജേന്ദ്ര, കർണാടക ഗുൽബർഗ യൂണിവേഴ്സിറ്റിയുടെ ഡീൻ ഡോ. രാജ നാൽക്കർ ലക്ഷ്മൺ, തെലുങ്കാന ഗവ. സിറ്റി കോളേജ് മുൻ പ്രിൻസിപ്പാൾ പ്രൊഫ. കെ. രാമ മോഹനൻ എന്നിവരടങ്ങിയ വിദഗ്ധ സംഘമാണ്. 2009–2014 കാലത്തെ കോളേജ് വിലയിരുത്തിയത്.

വിപുലമായ സ്വീകരണത്തിനും ഗാർഡ് ഓഫ് ഓണറിനും ശേഷം പ്രിൻസിപ്പാളുമായി അഭിമുഖം നടത്തി. ഒന്നാം ദിവസം 7 ഡിപ്പാർട്ട്മെന്റുകളിലെ പ്രസന്റേഷനും, ആർക്കിയോളജി മ്യൂസിയും കൗൺസലിംഗ് സെല്ലും അവയുടെ പ്രവർത്തനങ്ങളും വിലയിരുത്തി. കോളേജ് ഗവേണിംഗ് ബോർഡ് അംഗങ്ങളും ഒത്തുള്ള ഉച്ചഭക്ഷണത്തിനും ശേഷം അൻപതു പേരടങ്ങുന്ന വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥികൾ, മാതാപിതാക്കൾ എന്നിവരുമായി കോളേജിന്റെ സംഭാവനകളെക്കുറിച്ച് വെവ്വേറെ സംവേദിച്ചു. തുടർന്നു കോളേജിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ അവതരിപ്പിച്ച വ്യത്യസ്തങ്ങളായ കലാപരിപാടികൾ വിലയിരുത്തി. ഇവയെല്ലാം കോളേജിന് ഉയർന്ന ഗ്രേഡ് ലഭിക്കാൻ സഹായിച്ചു.

രണ്ടാം ദിവസം കോളേജ് ലൈബ്രറി, യു. ജി. സി. നെറ്റ് വർക്ക് സെന്റർ, ഫിസിക്കൽ എഡ്യുക്കേഷൻ സെന്റർ, എൻ. സി.സി. എൻ.സ്.എസ്. കോളേജ് കംപ്യൂട്ടർ സെന്റർ, കാന്റീൻ, വിമൻസ് ഹോസ്റ്റൽ തുടങ്ങിയ വിലയിരുത്തി. കോളേജിന്റെ വിമൻസ് സെൽ, വിദ്യാർത്ഥിനികൾക്ക് നൽകിയിരുന്ന വിവിധ ട്രെയ്നിംഗ് പരിപാടിയുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിച്ചു. വിമൻ വെയ്റ്റിംഗ് റൂം സന്ദർശിച്ച് വളരെ തൃപ്തരായ തുടർന്ന് കോളേജ് നോൺ ടീച്ചിംഗ് സ്റ്റാഫ് അംഗങ്ങളുമായി സംവേദിച്ചു. കോളേജ് സൂപ്രണ്ടുമായി കോളേ

(ശേഷം പേജ് 2–ൽ)

വ്യാപകമാകുന്ന ഹൃദ്രോഗം

ഹൃദ്രോഗം ഒരു സാധാരണ രോഗമായി മാറിയിരിക്കുന്നു. ഹൃദയത്തിന്റെ പ്രാധാന്യം മറക്കാതിരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രചാരണങ്ങൾ ലോകാരോഗ്യസംഘടനയും യുനെസ്കോയും ചേർന്ന് നടത്തിവരുന്നു.

ഹൃദയത്തിനായി ആരോഗ്യപരമായ ചുറ്റുപാടുകൾ ഉണ്ടാക്കുക എന്നതാണ് ഈ വർഷത്തെ ഹൃദയദിന സന്ദേശം. 2025 ഓടെ ഹൃദ്രോഗ ബാധിതരുടെ എണ്ണം 25 ശതമാനമെങ്കിലും കുറയ്ക്കുക എന്നതാണ് ഈ വർഷത്തെ ഹൃദയദിനത്തിന്റെ ലക്ഷ്യം.

ഹൃദയപേശികൾക്ക് രക്തം എത്തിച്ചുകൊടുക്കുന്ന കൊറോണറി ധമനികളിൽ രക്തയോട്ടം തടസ്സപ്പെടുമ്പോഴാണ് ഹൃദയാഘാതം ഉണ്ടാകുന്നത്. പുകവലി, ഉയർന്നപ്രായം, 140/90 ൽ കൂടുതൽ രക്തസമ്മർദ്ദം, അമിതവണ്ണം, കൂടിയ കൊളസ്ട്രോൾ, വ്യായാമമില്ലായ്മ, മെറ്റബോളിക് സിൻഡ്രം, ഉത്കണ്ഠയും പിരിമുറുക്കവും, പ്രമേഹം എന്നിവയാണ് ഹൃദയാഘാതത്തിന് പ്രധാനകാരണമായി പറയപ്പെടുന്നത്.

ഇന്ന് ലോകത്തെ ഒന്നാംനമ്പർ കൊലയാളിയാണ് ഹൃദ്രോഗത്തെ വിശേഷിപ്പിക്കുന്നത്. കേരളത്തിൽ പ്രതിദിനം 3,000 പേരോളം ഹൃദ്രോഗത്തിന് അടിമപ്പെടുന്നുണ്ട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പ്രമേഹം, കൊളസ്ട്രോൾ, രക്തസമ്മർദ്ദം എന്നിവ നിയന്ത്രിക്കുക എന്നതാണ് ഹൃദ്രോഗത്തെ പ്രതിരോധിക്കാനുള്ള പ്രധാന മാർഗ്ഗം. ആവശ്യമെങ്കിൽ ഡോക്ടറുടെ നിർദ്ദേശപ്രകാരം മരുന്നും കഴിക്കണം. പണ്ട് മരുന്നുകൾ കഴിക്കാൻ ഏവരും മടിച്ചിരുന്നു. പാർശ്വഫലങ്ങൾ ഉണ്ടാകും എന്നതായിരുന്നു ഇതിന് കാരണം. എന്നാൽ ഇന്ന് മരുന്നുകൾ വൃക്കസംരക്ഷണം കൂടി ഉറപ്പുവരുത്തുന്നതിനാൽ ഇത്തരത്തിലുള്ള ഭയത്തിന്റെ ആവശ്യമില്ല. 90 ശതമാനത്തോളം ഹൃദ്രോഗത്തിന് പ്രധാനമായ 5 കാരണങ്ങൾ പുകവലി, രക്തസമ്മർദ്ദം, പ്രമേഹം, കൊളസ്ട്രോൾ, പാരമ്പര്യം എന്നിവയാണ്. 25 ശതമാനത്തോളം ഹൃദ്രോഗത്തിന് പുകവലി കാരണമാകുന്നുണ്ട്. ഉറക്കം ജീവിതശൈലിയിൽ പ്രധാന ഘടകമാണ്. ഏഴ് മണിക്കൂർ ശരിയായ ഉറക്കം ആരോഗ്യത്തിന് അത്യാവശ്യമാണ്. ഹൃദയാഘാതമുണ്ടായാൽ തുടർന്നുള്ള ജീവിതത്തിൽ ചില മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്. ഭക്ഷണത്തിലും വ്യായാമത്തിലും ചില ക്രമീകരണങ്ങൾ ഉണ്ടാക്കണം. രക്തത്തിലെ കൊളസ്ട്രോൾ നിയന്ത്രിക്കാൻ ശ്രദ്ധിക്കണം. പ്രമേഹമുള്ളവർ പഞ്ചസാരയുടെ ഉപയോഗം നിയന്ത്രിക്കണം. ഡോക്ടറുടെ നിർദ്ദേശപ്രകാരം ക്രമമായി വ്യായമത്തിലേർപ്പെടണം. പുകവലി, മദ്യപാനം, തുടങ്ങിയവ



പൂർണമായി ഒഴിവാക്കണം. മാനസിക പിരിമുറുക്കം കുറയ്ക്കാനായി യോഗ, ധ്യാനം, തുടങ്ങിയവ പരിശീലിക്കുന്നത് നല്ലതാണ്. തുടർ പരിശോധനകളും മുടങ്ങാതെ നടത്തണം.

പ്രാഥമിക പരിശോധന മുതൽ ആൻജിയോഗ്രാഫി വരെയുള്ള പലഹൃദയപരിശോധനകളും നിലവിലുണ്ട് ഒ. പി.യിൽ പെട്ടെന്ന് രോഗം നിർണയിക്കാനാണ് ഇ. സി. ജി (ഇലക്ട്രോ കാർഡിയോഗ്രാം) എന്ന പരിശോധന രോഗിയെ ക്രമമായ വ്യായാമരീതിക്ക് വിധേയനാക്കി, അപ്പോഴെടുക്കുന്ന ഇ. സി. ജി. പരിശോധിക്കുന്ന ടെസ്റ്റ് ആണ് ടി. എം. ടി. അഥവാ ട്രെഡ്മിൽ ടെസ്റ്റ്. ശരീരത്തിലെ ഏതെങ്കിലുമൊരു പ്രധാന സിരയിൽക്കൂടി ട്യൂബ് കടത്തിവിടുന്ന ഹൃദയ പരിശോധനയാണ് കാർഡിയാക് കത്തീറ്ററൈസേഷൻ.

റേഡിയോ ആക്ടീവ് തരംഗങ്ങൾ ഉപയോഗിച്ച് ഹൃദയ ചിത്രങ്ങളെടുക്കുന്ന റേഡിയോ ന്യൂക്ലൈഡ് ഇമേജിങ്, സി. ടിയ സ്കാനിങ്, അതിസൂഷ്മ ഭാഗങ്ങളുടെ പോലും ചിത്രമെടുക്കാനുള്ള എം. ആർ. ഐ. സ്കാനിങ്ങ് തുടങ്ങിയ ടെസ്റ്റുകളുമുണ്ട്. ഭക്ഷണത്തിൽ പഴങ്ങളും പച്ചക്കറികളും കൂടുതലായി ഉൾപ്പെടുത്തണം. കാർബോഹൈഡ്രേറ്റ് അടങ്ങിയ ഭക്ഷണങ്ങൾ കുറയ്ക്കുന്നതാണ് നല്ലത് രാത്രി ഭക്ഷണത്തിൽ അരിയാഹാരത്തിന് പകരം ചപ്പാത്തിയും പഴങ്ങളും ഉൾപ്പെടുത്താം. മീനും കോഴിയിറച്ചിയും ആരോഗ്യത്തിന് നല്ലതാണ്. എന്നാൽ എണ്ണ അധികമാകാതെ സൂക്ഷിക്കണം. റെഡ് മീറ്റ് പൂർണമായും ഒഴിവാക്കണം. മുട്ട ദിവസവും കഴിക്കുന്നവരാണെങ്കിൽ മുട്ടയുടെ മഞ്ഞ ഒഴിവാക്കേണ്ടതാണ്. രക്തസമ്മർദ്ദം നിയന്ത്രിക്കാനായി ഉപ്പിലിട്ടത്, പപ്പടം, തുടങ്ങിയവ ഒഴിവാക്കണം. വ്യായാമം ജീവിതചര്യയുടെ ഭാഗമാക്കണം. ആരോഗ്യമുള്ള ഹൃദയത്തിന് ഏറ്റവും നല്ലത് ചിട്ടയായ വ്യായാമമാണ്.

വ്യായാമം ചെയ്യാത്തവരിൽ ഹൃദ്രോഗ സാദ്ധ്യത ഇരട്ടിയാണ്. ഒരു പ്രാവശ്യം അറ്റാക്ക് ഉണ്ടായ വ്യക്തിക്ക് വ്യായാമം കൊണ്ട് രണ്ടാമതൊന്ന് വരാനുള്ള സാധ്യത 25% വരെ കുറയ്ക്കാം. ഹൃദയമിടിപ്പിന്റെ വേഗം പരിഗണിച്ചാണ് വ്യായാമം ചെയ്യേണ്ടേത്. ഹൃദയസംബന്ധമായ അസുഖങ്ങൾ പ്രഷർ, ഷുഗർ, ശ്വാസം മുട്ടൽ, സന്ധിവേദന, തലകറക്കം തുടങ്ങിയ രോഗമുള്ളവർ ഡോക്ടറുടെ വിദഗ്ദോപദേശം തേടിയ ശേഷം മാത്രമേ വ്യായാമരീതികൾ തിരഞ്ഞെടുക്കാവു. ഹൃദയാരോഗ്യത്തെക്കുറിച്ച് സ്കൂൾ കാലം മുതലേ ബോധവത്ക്കരണം ആവശ്യമാണ്. അവ കൃത്യമായി പാലിക്കുകയും വേണം.

പണ്ട് പ്രായമായവരിൽ മാത്രം കണ്ടുവന്നിരുന്ന ഹൃദയാഘാതം ഇന്ന് ചെറുപ്പക്കാരിലേക്കും വ്യാപിച്ചിരിക്കുന്നു . 30 -40 വയസ്സിലുള്ളവരാണ് ഇന്ന് ഹൃദയരോഗങ്ങൾക്ക് അടിമപ്പെടുന്നത്. ജീവിത ശൈലിയിലുള്ള മാറ്റവും സമ്മർദ്ദവുമാണ് ഇതിന് കാരണം. ഫാസ്റ്റ് ഫുഡ് ലൈഫ്. ജീവിത ക്രമം മന്ദീഭവിക്കുന്നത് ഹൃദയത്തിന്റെ ശരിയായ താളത്തെയാണ്.

വാർഷികവും അനുമോദനവും

പത്താഴക്കുഴി വി. മർത്തമറിയം സണ്ടേസ്കൂളിന്റെയും പ്രാർത്ഥനായോഗത്തിന്റെയും വനിതാസമാജത്തിന്റെയും സംയുക്തവാർഷികവും സണ്ടേസ്കൂൾ അദ്ധ്യാപനരംഗത്ത് 60 വർഷം പൂർത്തീകരിച്ച കീച്ചാൽ സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ കെ.വി.മാണി കണിയാംപറമ്പിലിനേയും കെ.വി.വർഗീസ് (കുട്ടച്ചൻസാർ) പൊയ്കയിൽ എന്നിവർക്കുള്ള അനുമോദനവും ഏപ്രിൽ പത്താം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സണ്ടേസ്കൂൾ ഹാളിൽ നടത്തപ്പെടുന്നതാണ്. തദവസരത്തിൽ റവ.ഫാ. കുര്യൻ മാത്യു വടക്കേപ്പറമ്പിൽ, റവ.ഫാ. തോമസ് കെ. കെ. കറുകപ്പടി, സണ്ടേസ്കൂൾ ഇൻസ്പെക്ടർ അവിനേശ് ഏബ്രഹാം തണ്ടാശ്ശേരി, പ്രതിനിധി സാജൻ എടാട്ട് തുടങ്ങിയവർ സംസാരിക്കും കുട്ടികളുടെ കലാപരിപാടികളും സമ്മാനദാനവും നടത്തപ്പെടുന്നതാണ്.

വി. ബി. എസ്. 2016

വി.ബി.എസ്.2016-ൽ പേർ രജിസ്റ്റർ ചെയ്ത കുട്ടികൾ 2016 ഏപ്രിൽ 4-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് സെന്റ് മേരീസ് കത്തീഡ്രലിൽ എത്തിച്ചേരണ്ടതാണ്.

സെന്റ് മേരീസ് കോളേജിന് നാക് ...

(പേജ് 1-ൽനിന്നും തുടർച്ച)

ജിന്റെ കണക്കുകളും സ്കോളർഷിപ്പുകളും, യു.ജി.സി. ഫണ്ടിന്റെ ഉപയോഗം തുടങ്ങിയവ വിലയിരുത്തി. അതിനുശേഷം കോളേജിന്റെ ഐ.ക്യു.എ.സി. റൂമിൽ അംഗങ്ങളുമായി സംവേദിക്കുകയും അവിടെയുള്ള ഡൊക്യുമെന്റേഷൻ പരിശോധന പ്രത്യേക പ്രശംസ നേടിയെടുത്തു.

നാക് ചെയർമാൻ ഡോ. രാജേന്ദ്ര വിദ്യാർത്ഥികൾക്ക് 15 മിനിറ്റ് ക്ലാസ്സ് എടുത്തു. ഒരു നാക് വിലയിരുത്താൻ കമ്മറ്റി ചെയർമാൻ കോളേജ് സന്ദർശന വേളയിൽ ക്ലാസ് എടുത്ത ഏക കോളേജ് എന്ന അസുലഭ ഭാഗ്യത്തിനും സെന്റ് മേരീസ് കോളേജ് അർഹമായി.

മൂന്നാം ദിവസത്തെ മീറ്റിംഗിൽ നാക്സംഘം കോളേജിനുള്ള റിപ്പോർട്ട് സമർപ്പിച്ചു. കോളേജിന്റെ മാനേജരായി ഫാ. കുറിയാക്കോസ് കറുകയിൽ കോർ എപ്പിസ്കോപ്പായും, പ്രിൻസിപ്പലായി പ്രൊഫ. റേച്ചൽ തോമസും, കോർഡിനേറ്ററായി പ്രൊഫ. അന്ന ജോണും പ്രവർത്തിച്ചു.

മണർകാട് കോളേജ് ചെറുതെങ്കിലും ഭംഗിയുള്ള വ്യത്യസ്തമായ കോളേജ് ആണെന്നും, ഇനിയും അടുത്ത വിലയിരുത്തലിനും ചെയർമാനായി ഇവിടെ എത്തുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചും സംഘം മടങ്ങി.

പ്രിൻസിപ്പാൾ ചെയർമാനായ നാക് കോർ കമ്മിറ്റി, എല്ലാ ഡിപ്പാർട്ട്മെന്റ് തലവന്മാരും, കോളേജ് ഓഫീസ് അംഗങ്ങളും ഉൾപ്പെട്ട സ്റ്റീയറിംഗ് കമ്മിറ്റി, കോളേജിന്റെ കഴിഞ്ഞ 35 വർഷത്തെ പാഠ്യപാഠ്യേതര വിഷയങ്ങൾ നൂറു ഫയലുകളിൽ ക്രമപ്പെടുത്താൻ നിയോഗിക്കപ്പെട്ട ഏഴു അംഗങ്ങളും അവരെ സഹായിച്ചു. ഗസ്റ്റ് അദ്ധ്യാപകരും ഉൾപ്പെട്ട ഡോക്യുമെന്റേഷൻ കമ്മിറ്റി, ടീ അംഗങ്ങളുടെ സ്വീകരണത്തിനും മറ്റുമായി ഉൾപ്പെട്ട റിസപ്ഷൻ കമ്മിറ്റി, ഭക്ഷണകാര്യങ്ങളുടെ ചുമതല വഹിച്ച ഫുഡ് കമ്മിറ്റി, കോളേജിന്റെ പശ്ചാത്തല സൗന്ദര്യത്തിന് ചുക്കാൻ പിടിച്ച ബ്യൂട്ടിഫിക്കേഷൻ കമ്മിറ്റി, കലാപരിപാടികളുടെ ചുമതല വഹിച്ച കൾച്ചറൽ കമ്മിറ്റി-അങ്ങനെ കോളേജിലെ മുഴുവൻ അദ്ധ്യാപക അനദ്ധ്യാപക വിദ്യാർത്ഥികളുടെ സഹകരണത്തോടെ നടത്തിയ ഈ അക്രഡിറ്റേഷൻ പ്രവർത്തനം നാക് വിദഗ്ധ അംഗങ്ങളുടെ പ്രശംസയും നല്ല ഗ്രേഡും (ബി ഗ്രേഡ് 2.71) നേടാനായി.

നാക് അംഗീകാരത്തിന്റെ ഗുണങ്ങൾ

- മത്സരാധിഷ്ഠിതമായ ഇന്നത്തെ കാലഘട്ടത്തിൽ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാഭ്യാസത്തിനും വ്യക്തിത്വ വികസനത്തിനും പുലർത്തുന്ന നിലവാരം അനുസരിച്ചാണ് സമൂഹം അത്തരം സ്ഥാപനങ്ങളെ സ്വീകരിക്കുന്നതും നിലനിർത്തുന്നതും.
- ഉയർന്ന ഗ്രേഡ് കോളേജിന് യു.ജി.സി.യുടെ ധനസഹായങ്ങൾ കൂടുതൽ നേടാൻ സഹായിക്കും.
- നല്ല ഗ്രേഡ് ലഭിച്ച കോളേജുകളിൽ നിലവാരമുള്ള കുട്ടികൾ പഠിക്കാനെത്തും.
- ദേശീയ നിലവാരത്തിനൊപ്പം നിൽക്കാൻ നമ്മുടെ കോളേജിന് സാധിച്ചു.
- നാക് അംഗീകാരത്തിനുള്ള തയ്യാറെടുപ്പുകൾ നമ്മുടെ കോട്ടങ്ങളേയും നേട്ടങ്ങളേയും സൂക്ഷ്മമായി തിരിച്ചറിയാൻ സഹായിച്ചു.

വിശുദ്ധിയിൽ വളരാൻ, ആത്മ ചൈതന്യത്തിൽ നിലനിൽക്കാൻ

റവ.ഫാ. ജോർജ്ജ് നാരകത്തുകുടി

യിസ്രായേൽ ജനത ദൈവം നൽകിയ മന്നതിന്ന് നാൽപത് സംവത്സരം ജീവിച്ചതുപോലെ ഞാൻ ജീവന്റെ അപ്പമാകുന്നു എന്ന് കല്പിച്ച യേശുവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിച്ച് നാം നിത്യമായി ജീവിക്കേണ്ടവരാണ്. ഇവ ഭക്ഷിക്കുന്നത് നമുക്ക് പാപമോചനവും വിശുദ്ധിയും ആത്മചൈതന്യവും ലഭിക്കാൻ ഇടയാകുന്നു. എന്നാൽ വി.പൗലോസ് ശ്ലീഹ അയോഗ്യമായി അവ കഴിക്കരുതെന്നും തന്നെത്താൻ ശോധന ചെയ്തിട്ടു വേണം കഴിക്കാനെന്നും നമ്മെ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് വി.കുമ്പസാരം നടത്തിയ ശേഷമേ വി.കുർബ്ബാന അനുഭവിക്കാൻ പാടുള്ളു. അല്ലാഞ്ഞാൽ രോഗമോ മരണം തന്നെയുമോ ഫലമാകാം. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് ജീവനുണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയർത്തെഴുന്നേൽപ്പിക്കും. യോഹ. 6:54.

യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായം ക്രിസ്തുവിനെ ജീവന്റെ അപ്പമായും അവന്റെ മാംസം ഭക്ഷിക്കേണ്ടതിന്റേയും രക്തം കുടിക്കേണ്ടതിന്റേയും ആവശ്യകത വ്യക്തമാകുന്നു. വിശ്വസിക്കുവന്നവന് നിത്യജീവനുണ്ട് എന്ന പ്രസ്താവനയോടെയാണ് ഈ ഭാഗം ആരംഭിക്കുന്നത് തന്നെ. കർത്താവിന്റെ ഈ വചനങ്ങളിൽ വിശ്വസിക്കാത്തവർക്ക് സഭയിൽ സ്ഥാനമില്ല. വിശ്വാസം കൂടാതെ മനുഷ്യാവതാരരഹസ്യവും ക്രൂശ് മരണത്തിന്റെ നേട്ടവും വി.കുർബ്ബാനയുടെ അർത്ഥവും വി.കുർബ്ബാന അനുഭവത്തിന്റെ ആവശ്യകതയും ഒന്നും മനസ്സിലാക്കുവാൻ കഴിയുകയില്ല.

1. മനുഷ്യാവതാര രഹസ്യം

ഞാൻ ജീവന്റെ അപ്പമാകുന്നു. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയ അപ്പം എന്നിങ്ങനെയുള്ള വേദഭാഗങ്ങൾ ചിന്തനീയമാണ്. യഹൂദജാതി 40 വർഷം മിസ്രയീമിനും കനാൻ നാടിനും ഇടയ്ക്ക് മരുഭൂപ്രയാണം നടത്തിയപ്പോൾ അവർക്ക് സ്വർഗ്ഗീയ മന്ന നൽകിയത്. മനുഷ്യാവതാരത്തിന്റെ മുൻകുറി ആയിരുന്നു. മനുഷ്യകുലത്തിന്റെ ജീവിതവിജയത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും നൽകുന്നതിന് യേശു മതിയായവനത്രേ.

ക്രൈസ്തവ ജീവിതയാത്രയ്ക്ക് ഒരു വഴി ആവശ്യമെങ്കിൽ (യോ. 4:6). ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. ഭക്ഷണം വേണമെങ്കിൽ (യോ. 6:48). ഞാൻ ജീവന്റെ അപ്പമാകുന്നു എന്നും പ്രകാശം വേണമെങ്കിൽ (യോ. 8:12) ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും. എന്നും നായകൻ വേണമെങ്കിൽ (യോ. 10:11). ഞാൻ നല്ല ഇടയൻ എന്നും മരണഭയത്തിലും നിരാശയിലുമുള്ളവർക്ക് (യോ. 15:1). ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നും സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻ (യോ. 10:9). ഞാൻ വാതിൽ ആകുന്നു എന്നിലൂടെ കടക്കുന്നവൻ രക്ഷിക്കപ്പെടും എന്നും കർത്താവ് കല്പിക്കുന്നു. മനുഷ്യാവതാരം മനുഷ്യന്റെ സകല ആവശ്യങ്ങൾക്കും വേണ്ടിയുള്ള ദൈവത്തിന്റെ ദാനമാകുന്നു. ഭക്ഷണം മനുഷ്യജീവിതത്തിന് ഏത് പ്രകാരം ആവശ്യമാണോ അപ്രകാരം യേശുക്രിസ്തു മാനവരാശി മുഴുവന്റേയും ആദ്ധ്യാത്മീക ആഹാരമാണ്. മശിഹായെ കൂടാതെ സമൃദ്ധിയായ ജീവനോ സാധാരണ ജീവൻപോലുമോ ആർക്കും പ്രാപ്യമല്ല. (യോ. 10:10) അതുകൊണ്ട് യേശുവിനെ നാം ഭക്ഷിച്ചാൽ മാത്രമേ സമൃദ്ധിയായ ജീവൻ പ്രാപിപ്പാൻ നമുക്കു കഴിയുകയുള്ളൂ.

ക്രൂശുമരണം

പാപത്തിന്റെ അടിമത്വത്തിൽനിന്ന് മനുഷ്യരാശിയെ ഉദ്ധരിപ്പാനും സ്വർഗ്ഗീയ യെരുശലേമിലേക്കുള്ള യാത്രയ്ക്ക് ശക്തി നൽകുവാനുമാണ് യേശു കാൽവറി ക്രൂശിൽ മരിച്ചത്. യെഹൂദന്മാർ പെസഹാ കുഞ്ഞാടിനെ അറുത്ത് ബലി അർപ്പിച്ച് സംഹാദരദൂതനിൽനിന്നും രക്ഷ നേടിയതുപോലെ അറുക്കപ്പെട്ട യേശുവിന്റെ രക്തം നമ്മെ പാപ മരണത്തിൽനിന്നും രക്ഷിക്കുന്നു. (യോ. 6:51). ഞാൻ കൊടുപ്പാനിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവന് വേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു. എന്ന് യേശു കല്പിച്ചിരിക്കുന്നു. അതുകൊണ്ട് കർത്തൃശരീരവും രക്തവും നാം ഭക്ഷിച്ചാലേ നമുക്ക് ജീവനുണ്ടാകൂ. സംശയമില്ല. (മത്താ. 16:28). ഇത് അനേകർക്കുവേണ്ടി പാപചമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം. ഈ ർകതം കുടിച്ചുകൊണ്ടിരുന്നാലേ നമുക്ക് പാപമോചനവും വിശുദ്ധിയും ലഭിക്കൂ.

ഞാൻ ജീവന്റെ അപ്പം

(യോ. 6:35) ഞാൻ ജീവന്റെ അപ്പമാകുന്നു. എന്റെ അടുക്കൽ വരുവന്നവന് വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളും ദാഹിക്കുകയില്ല. നമ്മുടെ ശാരീരികമായ വിശപ്പും ദാഹവും പോഷകശക്തിയുള്ള ആഹാരപദാർത്ഥങ്ങൾ ശമിപ്പിക്കുന്നുണ്ടല്ലോ. അപ്രകാരം ആത്മാവിന്റെ വിശപ്പും ദാഹവും ശമിപ്പിക്കുന്നതിന് ആവശ്യമായ ഏക ആഹാരപദാർത്ഥമാണ് യേശുക്രിസ്തുവാകുന്ന ജീവന്റെ അപ്പം. ഈ ആത്മീക ആഹാരം വിശുദ്ധിയോടുകൂടി ഭക്ഷിക്കുന്നവർക്ക് പൂർണമായ ആത്മസംതൃപ്തി ലഭിക്കുന്നു. നാം എത്രതന്നെ അയോഗ്യരാങ്കിലും പൂർണ്ണവിശ്വാസത്തോടെയും സ്വയംപരിശോധനയോടെയും തന്നെ സമീപിച്ചാൽ കർത്താവ് ഒരിക്കലും നമ്മെ ഉപേക്ഷിച്ചിക്കുകയില്ല. പകരം വാത്സല്യപൂർവ്വം നമ്മെ സ്വീകരിക്കും. ഒരു വ്യക്തിപോലും നഷ്ടപ്പെട്ടുപോകരുതെന്നുള്ളതാണ് യേശുവിന്റെ ആഗ്രഹം. ഉയർത്തെഴുന്നേല്പിന്റെ അനുഭവവും നിത്യജീവനും സകലർക്കും താൻ വാഗ്ദാനം ചെയ്യുന്നു.

വി.കുർബ്ബാനാനുഭവത്തിനുമുമ്പ് സ്വയപരിശോധന, വി.കുമ്പസാരം നിർബന്ധമാണ്.

വി.പൗലോസ് ശ്ലീഹ കല്പിക്കുന്നു (1 കൊരി. 11:27-31). അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവനെല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നും കുടിക്കുകയും ചെയ്യുവാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നത് ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്ക് ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളുമാകുന്നു. അനേകരും നിദ്രകൊള്ളുന്നു. നാം നമ്മേത്തന്നേ വിധിച്ചാൽ ശിക്ഷിക്കപ്പെടുകയില്ല.

പാപജീവിതത്തോടെ, അയോഗ്യമായി വി.കുർബ്ബാന അനുഭവം തന്നെ നമുക്ക് കുറ്റവും രോഗകാരണവും ശിക്ഷാവിധിക്ക് ഹേതുവും ആയിത്തീരും. അതുകൊണ്ട് വി.കുർബ്ബാന അനുഭവിക്കും മുമ്പേ പാപാവസ്ഥയേക്കുറിച്ചുള്ള ഒരു സ്വയപരിശോധനയും സ്വയശിക്ഷാവിധിയും ശുദ്ധീകരണവും അത്യാവശ്യം തന്നെ. ഈ വസ്തുത ഊന്നിപ്പറയുന്ന മറ്റ് നാല് വേദവാക്യങ്ങൾ ശ്രദ്ധിച്ചാലും (എബ്രാ. 12:14). എല്ലാവരോടും സമാധാനമാചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല. (എബ്രാ. 12:1). നാം സകലഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. (മത്താ. 12:36) മനുഷ്യൻ പറയുന്ന നിസ്സാരവാക്കിനുപോലും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും. (മത്താ. 13:14). ന്യായവിധി ദിവസത്തിൽ ദൈവത്തിന്റെ ദൂതന്മാർ അവന്റെ രാജ്യത്തിൽനിന്ന് എല്ലാ ഇടർച്ചകളേയും അധർമ്മം പ്രവർത്തിക്കുന്നവരേയും കൂട്ടിച്ചേർത്ത് തീച്ചൂളയിൽ ഇട്ടുകളയും. ആയതിനാൽ നമുക്ക് തിരുശരീരം രക്തങ്ങൾ അനുഭവിച്ച് വിശുദ്ധിയിൽ ജീവിക്കാം

അറിയിപ്പ്

കഴിഞ്ഞ 9 വർഷക്കാലമായി പ്രസിദ്ധീകരിച്ചുവരുന്ന കോലോസുറിയോയോയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നവർക്ക് നന്ദിരേഖപ്പെടുത്തുന്നു. സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നുമുള്ള പരസ്യങ്ങളിലൂടെയും സംഭാവനകളിലൂടെയുമാണ് കോലോസുറിയോയോ സൗജന്യമായി നിങ്ങളുടെ കൈകളിലെത്തുന്നത്. പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്ന വാർത്തകളും ചിത്രങ്ങളും എല്ലാമാസവും 20-ാം തീയതിക്കു മുമ്പായി യൂത്ത് അസോസി യേഷൻ ഓഫീസിലോ യൂത്ത് അസോ. ഭാരവാഹികളെയോ ഏൽപ്പിക്കേണ്ടതാണ്. അതോടൊപ്പം ബന്ധപ്പെടുവാനുള്ള ഫോൺ നമ്പരുകൾ കൂടി രേഖപ്പെടുത്തേണ്ടതാണ്. ബന്ധപ്പെടേണ്ട നമ്പരുകൾ ലിജോ മറ്റക്കണ്ടത്തിൽ (സെക്രട്ടി) - 9400679765, സുരേഷ് ജോൺ കൈപ്പള്ളിൽ (ചീഫ് എഡിറ്റർ) - 9446073942

കോലോ സുറിയോയോയുടെ വെബ് സൈറ്റ്

http://www.syriacchristianity.info/KoloSuryoyo/KS.htm

ശ്രേഷ്ഠ ബസേലിയോസ് പൗലൂസ് ദ്വിതീയൻ ബാവാ

ദുഃഖ്റോനോ

കടവിൽ ഡോ. പൗലോസ് മോർ അത്താനാസ്യോസ്
മാർച്ച് 7

പരി. സ്ലീബാ മോർ ഒസ്താത്തിയോസ്
മാർച്ച് 19

അഭി. കുറിയാക്കോസ് മോർ കൂറീലോസ് മെത്രാപ്പോലീത്താ
മാർച്ച് 22

അഭി. ഗീവർഗീസ് മോർ പോളിക്കാർപ്പസ് മെത്രാപ്പോലീത്താ
മാർച്ച് 7

വെരി റവ. കുറിയാക്കോസ് കോർഎപ്പിസ്കോപ്പാ പാതയിൽ
മാർച്ച് 13

ഏഴാം ചരമവാർഷികം
12.03.2016

കെ. വി. സ്ക്കറിയ (കുഞ്ഞ്)
കൊല്ലംപറമ്പിൽ
മണർകാട്

29-ാം ചരമവാർഷികം
18.03.2016

കെ.എസ്. കുറിയാക്കോസ് (പാപ്പച്ചൻ)
കണിയാംപറമ്പിൽ
മണർകാട്

27-ാം ചരമവാർഷികം
27.03.2016

കെ. വി. വറുഗീസ് (വർക്കിയച്ചൻ)
(Rtd. SBT Manager)
കെ. വി. അലക്സ് & ഫാമിലി
കൂറുമലകരോട്ട്
മണർകാട്

2-ാം ചരമവാർഷികം
28.03.2016

കെ. വി. മാത്യൂസ് (കുഞ്ഞുഞ്ഞൂട്ടി)
കാരക്കാട്ട്, മണർകാട്
ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

1-ാം ചരമവാർഷികം
3.04.2016

എ. വി. ചാക്കോ (പാപ്പച്ചി)
ആലുംമൂട്ടിൽ,
മണർകാട്

ലോക മാതൃദിനത്തോടനുബന്ധിച്ച് യൂത്ത് അസോസിയേഷൻ പ്രവർത്തകർ അമയന്നൂർ ജ്യോതിർഭവൻ സന്ദർശിച്ചപ്പോൾ

നോമ്പുകാല പ്രാർത്ഥനാ സംഗമങ്ങൾ - സ്നേഹദീപ്തി

മണർകാട് വി.മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിലെ ഈ വർഷത്തെ നോമ്പുകാല സായാഹ്ന ധ്യാനം അഭി. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. സ്നേഹദീപ്തി എന്ന പേരിൽ നടത്തിയ നോമ്പുകാല പ്രാർത്ഥനാസംഗമങ്ങൾ പള്ളിയുടെ വിവിധകരകളിൽ നടത്തപ്പെട്ടു. ബഹുമാനപ്പെട്ട വൈദീകരും സുപ്രസിദ്ധ സുവിശേഷകരും ധ്യാനങ്ങൾക്ക് നേതൃത്വം നൽകി. പള്ളി അങ്കണത്തിൽവെച്ച് നടത്തപ്പെട്ട ധ്യാനയോഗങ്ങളിൽ വിവിധ വിഷയങ്ങളെ അധികരിച്ച് ബഹുവൈദീകർ വചന ശുശ്രൂഷ നിർവ്വഹിച്ചു. വികാരി ഇ. ടി. കുറിയാക്കോസ് കോർഎപ്പിസ്കോപ്പാ ഇട്ട്യേടത്തും, പ്രാർത്ഥനായോഗം പ്രസിഡന്റ് റവ.ഫാ. മാത്യൂസ് മണവത്തും നേതൃത്വം നൽകി.

ഓശാനപ്പെരുന്നാളിനോടനുബന്ധിച്ചുള്ള പ്രദക്ഷിണത്തിന് അഭി. കുര്യാക്കോസ് മോർ ഇവാനിയോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകുന്നു.

കാരുണ്യത്തിന്റെ പുതുവഴികൾ തേടി സീനായിയുടെ സേവനയാത്ര...

കോട്ടയം: രോഗികൾക്കു കാരുണ്യത്തിന്റെ സർവീസുമായി സീനായി ബസ്. കോട്ടയം-പാലാ-കാവുങ്കണ്ടം റൂട്ടിലോടുന്ന സീനായി ബസിന്റെ ഒരു ദിവസത്തെ വരുമാനം നിർദ്ധന രോഗികളുടെ ചികിത്സയ്ക്ക് നൽകിയാണ് ബസ് ഉടമ തോട്ടയ്ക്കാട് ചേലമറ്റം സ്വദേശി ഷൈനും ജീവനക്കാരും മാതൃകയായത്. മൂന്നു ട്രിപ്പുകളിൽ നിന്നായി ലഭിച്ച 28,400 രൂപ കോട്ടയം വെസ്റ്റ് എസ്.ഐ. എം. ജെ. അഭിലാഷിന്റെ സാന്നിദ്ധ്യത്തിൽ തിരുവഞ്ചൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന തൃത്തുട്ടി ചെറിയാൻ കോട്ടയിൽ മല്പാനച്ചൻ ഫൗണ്ടേഷൻ ഭാരവാഹികൾക്കു കൈമാറി.

സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കാൻസർ, കിഡ്നി രോഗികളുടെ പ്രയാസങ്ങൾ നേരിൽ മനസിലാക്കിയ ഷൈൻ ഇവർക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന ചിന്തയിൽനിന്നാണ് ഇത്തരമൊരു സേവനപ്രവർത്തനത്തിനു സന്നദ്ധമായത്. വിവരം ജീവനക്കാരെ അറിയിച്ചപ്പോൾ അവർ പൂർണ സമ്മതം അറിയിക്കുകയായിരുന്നു.

രണ്ടാം ദുഃഖ്റോനോ

ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന് നാലുഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ പരിശുദ്ധ സഭയെ മൂന്നു പതിറ്റാണ്ടിലേറെ മേയിച്ച് ഭരിച്ച് രണ്ടായിരത്തി പതിനാല് മാർച്ച് ഇരുപത്തിയൊന്നാം തീയതി കർത്തൃസന്നിധിയിലേക്ക് വാങ്ങിപ്പോയ പരി. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവായുടെ രണ്ടാം ദുഃഖ്റോനോ സഭ ആചരിച്ചു. പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

40-ാം വെള്ളിയാഴ്ച മൂന്ന് വയസ്സിൽ താഴെയുള്ള ശിശുക്കൾക്ക് വിശുദ്ധകുർബ്ബാന നൽകുന്നു

സൗമോ ദ് ശൈനോയുടെ സമാപനയോഗത്തിൽ മറ്റക്കണ്ടത്തിൽ എം. എം. കുര്യന്റെ ഭവനത്തിൽ എം.എസ്.ഒ.റ്റി.സെമിനാരി വിദ്യാർത്ഥി റവ.ഡീക്കൻ എബി കളമശ്ശേരി പ്രസംഗിക്കുന്നു. റവ. ഫാ.കുറിയാക്കോസ് കാലായിൽ സമീപം

കണ്ണടകൾക്കും
സൗജന്യ നേത്രപരിശോധനയ്ക്കും
മണർകാട് ഒപ്റ്റിക്കൽസ്

Manarcad Opticals

PATTASSERIMADATHIL BLDG., NEAR BEST BAKERS, KK ROAD, MANARCAD

Tel: 0481 2371008 Help Line : 80 860 355 88

- വിലയേറിയ ഇന്ത്യൻ നിർമ്മിത Frames, Lenses, Sun Glasses, Contact Lenseകളുടെ അതിവിപുലമായ ശേഖരം
- സൗജന്യ നേത്രപരിശോധന കമ്പ്യൂട്ടറിലൂടെ
- വിദഗ്ദ്ധരായ പാർക്കിംഗ് സൗകര്യം

clear vision is our mission

TRUE SOLUTIONS

Computer Sales & Servicing
CCTV Works
LED Fancy Lights & Fittings
Dish Recharging
Malayala Manorama Classified Advertising

Mundanical Building,
Puthuppally Road
Manarcadu, Kottayam, Kerala
Phone: 9496988044, 9496286544
E-mail: truesolutionspvt@gmail.com

പെസഹ

യഹൂദന്മാരുടെ പ്രധാന പെരുനാളുകളിൽ ഒന്നായിരുന്നു പെസഹാ തിരുനാൾ. (Feast of Unleavend Bread) (പുറ.12:1-28). ഊഴിയ വേല നിമിത്തം അടിമത്വത്തിൽ കഷ്ടം അനുഭവിച്ച ജനം, തങ്ങൾക്കു ലഭിച്ച വിടുതൽ (Deliverance of the people of God from Egypt) ഇതിലൂടെ അനുസ്മരിക്കുന്നു. പെസഹാ ആചരണത്തിലൂടെ ദൈവജനത്തോടുള്ള തങ്ങളുടെ വിധേയത്വം വെളിപ്പെടുത്തി, ഒപ്പം ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചു. പെസഹാ എന്ന വാക്കിന് കടന്നുപോക്ക് എന്നതാണ് അർത്ഥം മിസ്രേമിലെ അടിമത്വത്തിന്റെ അവസാനമായി കടിഞ്ഞൂൽ സംഹാരം ദൈവം തന്റെ ദൂതനെ അയച്ച് നടത്തിയപ്പോൾ കുഞ്ഞാട്ടിന്റെ രക്തത്താൽ യിസ്രേൽകാർ രക്ഷപ്രാപിച്ചതിന്റെ ഓർമ്മയ്ക്കായിട്ടാണ് പെസഹാ ആചരിക്കുന്നത്. ലോകത്തിന്റെ രക്ഷയ്ക്കായി ക്രിസ്തു കാൽവറിയിൽ യാഗമായതിന്റെ മുൻകുറിയാണ് പഴയ നിയമ പെസഹാ.

പെസഹായുടെ പ്രധാന ചടങ്ങ് പുളിപ്പില്ലാത്ത അപ്പവും, യാഗമായി അർപ്പിച്ച പെസഹാ കുഞ്ഞാടിന്റെ മാംസവും, കയ്പും ചീരയും ഭക്ഷിക്കുന്നതായിരുന്നു. (പുറ:12:8)നോമ്പിൽ അനുതാപത്തിന്റേയും ഏറ്റുപറച്ചിലിന്റേയും കയ്പു ചീര ഭക്ഷിക്കാം. (Bitter herbs of repentance and confession)

1. യേശു: നുറുക്കപ്പെട്ട പെസഹാ അപ്പം (Jesus: The broken passover bread)

യേശുവിന്റെ അന്ത്യഅത്താഴവും, പെസഹായുടെ ഭക്ഷണവും ഒന്നുതന്നെ ആയിരുന്നുവോ, അതോ രണ്ടും രണ്ടായി നടന്നുവോ എന്നത് വലിയ ചർച്ചകൾക്ക് വിഷയീഭവിച്ചിട്ടുണ്ട്. (Whether the last supper was a passover meal?) മർക്കോസിന്റെ സുവിശേഷമനുസരിച്ച് രണ്ടും ഒന്നായിരുന്നു എന്നും, യേശുവിന്റെ അന്ത്യ അത്താഴം പെസഹാഭക്ഷണം ആയിരുന്നു എന്നും സമർത്ഥിക്കുന്നുണ്ട്. വി. മത്തായിയും, ലൂക്കോസും ഇത് മാറ്റി പറയുവാൻ ശ്രമിക്കുന്നില്ല. അതുകൊണ്ടുതന്നെ സമവീക്ഷണ സുവിശേഷങ്ങൾ (Synoptic Gospels) ഇക്കാര്യത്തിൽ ഒരേ ദിശയിൽ സഞ്ചരിക്കുന്നവയാണ്. വി. മർക്കോസ് 14:12-16 വരെയുള്ള വാക്യങ്ങൾ സുവിശേഷകൻ ഇവിടെ ചേർത്തിരിക്കുന്നത് ഒരു സംവാദവിഷയമാണ്. അദ്ധ്യായം 14:11-നു ശേഷം 17-ാം വാക്യം മുതൽ വായിക്കണം എന്ന് ചിന്തിക്കുന്നവരും ഉണ്ട്. കൂടാതെ 12 മുതൽ 16 വരെയുള്ള വാക്യങ്ങളിൽ, പെസഹാ ഭക്ഷണമായ കുഞ്ഞാടിന്റെ മാംസം, കയ്പു ചീര (പുറ.12:8) എന്നിവയുടെ അസാന്നിദ്ധ്യം, ഈ ഭക്ഷണം പെസഹാഭക്ഷണമല്ല, പ്രത്യുത ഒരു സാധാരണ ഭക്ഷണം മാത്രം എന്നും വാദിക്കുന്നവർ ഉണ്ട്. (Not the passover meal, but only an ordinary meal).

സമവീക്ഷണ സുവിശേഷമനുസരിച്ച് മാളികമുറിയിൽ ശിഷ്യരോടൊന്നിച്ച് പെസഹാ ഭക്ഷിക്കുന്ന യേശുവിന്റെ അന്ത്യ അത്താഴം കൂടിയായിരുന്നു അത്. പെസഹായുടെ അത്താഴവിരുന്നിന് യേശു ഒരു പുതിയ മാനം നൽകുന്നു. വി.മത്തായിയുടെ സുവിശേഷത്തിൽ യേശു അപ്പവും വീഞ്ഞും എടുത്ത് വാഴ്ത്തി, ഇത് തന്റെ ശരീരവും രക്തവും എന്ന് പ്രഖ്യാപിക്കുന്നു. (മത്താ. 26:26-27). അനേകരുടെ പാപമോചനത്തിനായി നിയമിക്കപ്പെടുന്ന പുതിയ ഉടമ്പടിയുടെ കൂദാശ.

പെസഹായുടെ അപ്പം, തിന്മയും, ദുഷ്ടതയും, സ്വാർത്ഥയുമില്ലാത്ത ശുദ്ധിയുള്ള അപ്പമാണ്. യേശുതന്നേത്തന്നെ ഈ അപ്പത്തോട് ഉപമിക്കുന്നു. പാപമില്ലാത്തവൻ പാപികൾക്കായി സ്വയം നുറുക്കി നൽകുവാനുള്ള ദൃഢനിശ്ചയം. പെസഹാ അപ്പവും ദ്രാക്ഷാരസവും വാഴ്ത്തി നൽകി പാപം മോചിക്കുന്ന മാന്ത്രിക വിദ്യയായിട്ടല്ല, കുരിശിൽ തന്റെ ശരീരം വിഭാഗിച്ച് ഒപ്പം രക്തവും ചൊരിഞ്ഞു നൽകി, തന്റെ മാംസവും രക്തവും മാനവ സമൂഹത്തിനാകമാനം പാപത്തിൽനിന്നുള്ള വിടുതലും രക്ഷയും വാഗ്ദാനം ചെയ്തു, യാഥാർത്ഥ്യമാക്കി, വിശ്വസിക്കുന്നവരുടെ ആത്മീയാഹാരമായി പുത്തൻ പെസഹ കർത്താവ് സഭയെ ഭരമേൽപ്പിക്കുന്നു.

പിതാക്കന്മാർ മരുഭൂമിയിൽ മന്ന ഭക്ഷിച്ചു. അത് താൽക്കാലികമായി ജീവൻ നിലനിർത്തി. എന്നാൽ യേശു പറഞ്ഞു സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള ഈ അപ്പം താൻ ആണ്. അത് തിന്നുന്നവർ എന്നേക്കും ജീവിക്കും, അവർക്ക് നിത്യജീവനും വാഗ്ദാനം ചെയ്യുന്നു. (യോഹ. 6:51). നുറുക്കപ്പെട്ട പെസഹാ അപ്പമായി തന്റെ ശരീരവും, ചിന്തപ്പെട്ട കുഞ്ഞാടിന്റെ രക്തത്തിനു പകരമായി തന്റെ രക്തവും കുരിശിൽ സമർപ്പിച്ച ദൈവത്തിന്റെ കുഞ്ഞാട്, പെസഹാ അപ്പമാകുവാൻ നുറുക്കപ്പെടുവാൻ നമ്മോട് ആഹ്വാനം ചെയ്യുന്നു. ഈ വർഷത്തെ പെസഹ ആചരണം അർത്ഥവത്താകുമോ?

2. യേശു: നൽകപ്പെട്ട മറുവില

യഹൂദന് പെസഹ വലിയ വിടുതൽ ലഭിച്ചതിന്റെ അനുസ്മരണമാണെങ്കിൽ ക്രിസ്തുശിഷ്യർക്ക് യേശു പെസഹായിൽ സ്വയം നൽകിയതിലൂടെ, പാപത്തിന്റെ അടിമത്വത്തിൽനിന്നും തന്റെ രക്തം മറുവിലയായി നൽകി ലോകത്തെ മുഴുവൻ വീണ്ടെടുക്കുന്നതിന്റെ ഓർമ്മ പുതുക്കലാണ്.

വി. യോഹന്നാന്റെ സുവിശേഷമനുസരിച്ച് യേശുവിന്റെ വിസ്താരവും ക്രൂശീകരണവും പെസഹാ ഭക്ഷണത്തിനു മുമ്പ് സംഭവിച്ച കാര്യങ്ങൾ ആണ്. ഇവിടെ ശ്രദ്ധേയമായ വസ്തുത, ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശു, പെസഹാ കുഞ്ഞാടിനെ അറുക്കുന്ന സമയത്തു തന്നെ ലോകത്തിനായി അറുക്കപ്പെട്ടു എന്നുള്ളതാണ്. വി.യോഹന്നാൻ വളരെ കൃത്യതയോടെ അത് സമർത്ഥിക്കുന്നു. അതായത് പെസഹായും യേശുവിന്റെ ക്രൂശുമരണവും യോഹന്നാന്റെ സുവിശേഷപ്രകാരം ഒരു ദിവസം മുൻപായി നടക്കുന്നു (യോഹ. 13:1-2, 26). അതുകൊണ്ട്, പെസഹാ കുഞ്ഞാടിനെ അറുക്കുന്ന സമയം, ദൈവത്തിന്റെ കുഞ്ഞാടായ യേശു ലോകത്തിന്റെ മുഴുവൻ പാപത്തിന് മറുവിലയായി തന്നേത്തന്നെ നൽകുന്നു. അറുക്കപ്പെടുന്നു. (1 പത്രോ. 1:18-19).

പെസഹാ കുഞ്ഞാടിന്റെ രക്തം കൊണ്ട് മുദ്രയിട്ട ഭവനങ്ങൾ സംഹാരദൂതനിൽനിന്നും വിടുവിക്കപ്പെട്ടു. (പുറ. 12:12-14). ദൈവത്തിന്റെ കുഞ്ഞാടായ യേശുവിന്റെ രക്തം മനുഷ്യകുലത്തിന്റെ ആകമാനമായ രക്ഷയും വിടുതലും സാദ്ധ്യമാക്കി. മാനവ സമൂഹത്തിന്റെ രക്ഷയും വിടുതലും അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ സാധിതമാകുമ്പോഴാണ് ഇന്ന് പെസഹായും, യേശുവിന്റെ ക്രൂശുമരണവും അന്വർത്ഥമാകുന്നത്. ജീവനും സമ്പാദ്യങ്ങളും കയ്യിൽ പിടിച്ച് പാലായനം ചെയ്യുന്ന പാലസ്തീൻ, സിറിയ തുടങ്ങിയ മദ്ധ്യപൂർവ്വദേശത്തെ ജനതയ്ക്ക് ഇന്ന് എന്താണ് രക്ഷ, വിടുതൽ, എന്നത് പ്രസക്തമായ ചോദ്യമാണ്. മതതീവ്രവാദം മൂലം അടിച്ചമർത്തപ്പെടുന്നവർ, വർദ്ധിച്ചു വരുന്ന ന്യൂനപക്ഷ പീഢനങ്ങൾ, സ്ത്രീകളും കുട്ടികളും അഭിമുഖീകരിക്കുന്ന ചൂഷണം-ഈ വിഭാഗത്തിൽ പെടുന്ന മനുഷ്യരും യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്. അവരുടെ പ്രശ്നങ്ങൾക്കും യേശുവിന്റെ രക്തം മുൻകൂറായി -മറുവിലയായി-നൽകിയതല്ലേ? മേൽപറഞ്ഞ ജനതയ്ക്കു പുറത്തുള്ള ജനവിഭാഗം ഇതിന് ഉത്തരം നൽകാൻ ബാദ്ധ്യസ്ഥരല്ലേ? എല്ലാവർക്കും വിടുതലും രക്ഷയും പ്രദാനം ചെയ്യുന്ന ക്രിസ്തുവിന്റെ പെസഹ നമുക്ക് ഏറ്റെടുക്കാം (ലൂക്കാ. 4:18-19).

സകല ദോഷങ്ങളിൽനിന്നും ദുഷ്പ്രവൃത്തികളിൽനിന്നും വിടുതൽ നേടുവാൻ പെസഹ നമ്മോട് ആവശ്യപ്പെടുന്നു. പുളിപ്പിന്റെയും തിന്മയുടെയും സ്വാധീനത്തിൽപ്പെട്ടുപോയവർ, വിലയ്ക്കു വാങ്ങപ്പെട്ടവരെങ്കിലും അടിച്ചമർത്തപ്പെടുന്നവർ, ചൂഷണം അനുഭവിക്കുന്നവർ-അവരുടെ വിമോചനം പെസഹ നമ്മോട് ആഹ്വാനം ചെയ്യുന്നു.

പ്രസിദ്ധ ഗ്രന്ഥകാരനും, പ്രസംഗകനുമായിരുന്ന അമേരിക്കക്കാരനായ ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ പറയുന്നു:

എല്ലാ മനുഷ്യരും ജീവിക്കുവാനായി ജനിക്കുന്നു;

എന്നാൽ ക്രിസ്തു മാത്രം മരിക്കുവാനായി ജനിച്ചു.

അതായത്, ക്രിസ്തു വന്നതു കൊണ്ട് മരിച്ചതല്ല, മരിക്കുവാൻ വന്നാണ്. (1 കൊരി. 11:26). അതുകൊണ്ടാണ് അവൻ സ്തോത്രഗീതം പാടിയശേഷം പെസഹാ ആകുവാൻ ഒലീവു മലയിലേയ്ക്ക് പുറപ്പെട്ടുപോയത് (മർക്കോ. 14:26).

യേശു സ്വയം വിഭജിച്ചു നൽകിയി വിശുദ്ധ കുർബ്ബാന, കാണുവാനുള്ളതല്ല; അനുഭവിക്കാനും; സ്വയം കുർബ്ബാന ആയിത്തീരുവാനുമുള്ളതാണ്. അങ്ങനെയെങ്കിലേ ആ മഹാസദ്യയിൽ നമുക്കും പങ്കുചേരാൻ സാധിക്കൂ. (വെളി. 19:9). നമുക്കും ലോകത്തിനായി സ്വയം നുറുക്കി നൽകുന്ന പെസഹാ ആകാം. അങ്ങനെ അനേകരെ ജീവനിലേയ്ക്ക് നയിക്കുവാനല്ലേ നാമും ക്രിസ്ത്യാനി ആയിരിക്കുന്നത്?

ഉയിർപ്പുതിരുനാൾ

ശാന്തമ്മ പട്ടശ്ശേരിൽ

കുരിശു മരണവും ഉയർപ്പിന്റെ മുദ്രയും
ഇന്നീ പ്രപഞ്ചത്തിൽ മാറ്റൊലിക്കൊള്ളുന്നു.
കാൽവറിമലയിലെ കുരിശിൻ ചുവട്ടിൽ
മേലങ്കിയ്ക്കായി കുറിയിടുന്നവർ മനുഷ്യർ.
അല്പമാം ലാഭത്തിനായുള്ള ഓട്ടത്തിൽ
അനല്പമാം ജീവൻ മറക്കും പടയാളി നാം
ഉത്ഥാനത്തിനപ്പുറമായ് മോക്ഷമാർഗ്ഗമില്ല
മരണകെട്ടിൽനിന്നുള്ള മോചനമാണത്
വ്യക്തി ജീവിതത്തിൽ വൻനേട്ടം നേടിയിട്ടും
ക്രിസ്തുവിനെ അനുഭവിക്കാത്തവർ ഹതഭാഗ്യർ
നിത്യ ജീവന്റെ മഹത്വീകരണത്തിനടിസ്ഥാനം
സത്യദൈവത്തിന്റെ ഉയർപ്പാണെന്നതോർക്കണം.
സഭാ ഭക്തിയും ബാഹ്യപ്രകടനങ്ങളും നിർത്തി
കുരിശിലെ വേദന കൊടിയാക്കിമാറ്റുക.
ഉയിർപ്പു തിരുനാളിൽ ശൂന്യമാം കല്ലറയെ
ജീവന്റെ നീരുറവയാം കിണറാക്കി തീർക്കാം
ഉത്ഥിതനാം ക്രിസ്തു ശിഷ്യരെ കർമ്മശാലികളാക്കി
വിശ്വാസത്താൽ നമുക്കും സുവിശേഷകരാകാം.
യുഗാന്ത്യത്തോളം ഞാൻ കൂടെയുണ്ടെന്ന വചനം
ഉയിർപ്പിൻ സാക്ഷികളാകാൻ ശക്തിപകരട്ടെ!
സ്നേഹത്തിൽ അളവു കോൽ അനുഗ്രഹമല്ല
ആത്മാർത്ഥതയിൽ നിത്യസ്നേഹം നിറയണം
പുതിയ ആകാശവും ഭൂമിയും കാക്കുന്നവർക്ക്
ക്രിസ്തുവിന്റെ ഉയിർപ്പ് പ്രത്യാശ നൽകുന്നു.
കുരിശും സഹനവും ഉയിർപ്പും ജീവിതത്തിൽ
ശാന്തിയും സ്നേഹവും നീതിയും പകരണം.
ക്രിസ്തു ഒരുനാൾ മാത്രം ഉയിർത്തെഴുന്നേറ്റു
ക്രിസ്ത്യാനി നിരന്തരം ഉയിർക്കപ്പെടണം. !

അനാഥമാക്കപ്പെടുന്ന വാർദ്ധക്യം

അജു മാത്യു മുണ്ടാനിക്കൽ MSW

വാർദ്ധക്യം ജീവിതത്തിൽ അനിവാര്യമായതും കൂടുതൽ ശ്രദ്ധയും പരിഗണനയും മറ്റുള്ള വരിൽനിന്ന് ആവശ്യമായതുമായ ഒരു കാലഘട്ടമാണ്. പക്ഷെ, വാർദ്ധക്യം ഒരു ശാപമായാണ് ഇന്ന് കരുതപ്പെടുന്നത്. അതുകൊണ്ട് തന്നെയാണ് വൃദ്ധരെ സമൂഹം അവഗണിക്കുന്നതും പാഴ്വസ്തുക്കളെപ്പോലെ വലിച്ചെറിയുന്നതും. തത്ഫലമായി വൃദ്ധ സദനങ്ങൾ പെരുകുന്നു. അവിടെ അനാഥമാക്കപ്പെടുന്ന അല്ലെങ്കിൽ ഉപേക്ഷിക്കപ്പെടുന്ന ജീവിതങ്ങളും പെരുകുന്നു.

സാധാരണ മനുഷ്യന്റെ വസന്തകാലമാണ് യുവത്വം എന്നും അതുകഴിയുമ്പോൾ ചിലയാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ട് ഒന്നിനോടും പ്രതികരിക്കാത്ത കണ്ണും കാതും മൂടിക്കെട്ടി മുന്നോട്ടുപോകണമെന്നുമാണ് ഇന്ന് സമൂഹം നിഷ്കർഷിച്ചിരിക്കുന്നത്. ദാരിദ്ര്യവും കഷ്ടപ്പാടുകളും വളർത്തുന്നത്. പുതിയ തലമുറ ഇന്ന് കാണുന്ന രൂപത്തിലെത്തിയതിനു പിന്നിൽ നിരവധി യാതനകളുടെയും വേദനകളുടെയും കഥകൾ ഉണ്ടായിരിക്കാം. എന്നാൽ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തി നേടുമ്പോൾ, ജീവൻ നൽകി അതുവരെ വളർത്തിയ മാതാപിതാക്കളെ മക്കൾ അവഗണിക്കുന്നു. അവരുടെ പ്രൗഢിക്കും പ്രതാപത്തിനും മാതാപിതാക്കളുടെ വാർദ്ധക്യവും പഴഞ്ചൻ രീതികളും യോജിക്കാതെ വരുന്നു, അപമാനം ജനിപ്പിക്കുന്നു. അപ്പോൾ ആരും ഓർക്കുന്നില്ല ഇന്നത്തെ യുവാവ് നാളത്തെ വൃദ്ധനാണെന്ന്.

ഒരു അമ്മയുടെയും മകളുടെയും കഥ ഇവിടെ ചേർക്കുന്നു. അവർ ഒരു ചെറിയ കൂരയിലായിരുന്നു താമസിച്ചിരുന്നത്. ഒരിക്കൽ ആ കൂരയ്ക്ക് തീ പിടിച്ചു. മകൾ കത്തുന്ന കൂരയ്ക്കുള്ളിലാണ്. ആ അമ്മ സ്വന്തം ജീവൻപോലും നോക്കാതെ കൂരയിലേക്ക് കയറി മകളെ ഒരു ആപത്തും കൂടാതെ പുറത്തെത്തിച്ചു. അമ്മയുടെ ശരീരത്തിൽ പൊള്ളലുകളേറ്റു. കാലം ഒരുപാട് കൊഴിഞ്ഞുപോയി. മകൾ ഒരു വലിയ നിലയിലെത്തി. പുതിയ വീടുവച്ചു. വീടിന്റെ പാലു കാച്ചൽ ദിവസം ഒരു മൂറി മാത്രം പൂട്ടിയിട്ടിരിക്കുന്നതു കണ്ട് മകളുടെ കൂട്ടുകാരി കാര്യമന്വേഷിച്ചു. പ്രിയ സുഹൃത്തിനോട് മകൾ കാര്യം മറച്ചുവെച്ചില്ല. മൂറിക്കുള്ളിൽ എന്റെ അമ്മയാണ്. ദേഹം മുഴുവൻ പൊള്ളിയതിന്റെ പാടുകളായതുകൊണ്ട് നാലാളുടെ മുന്നിൽ അമ്മയാണെന്ന് പറയാൻ നാണക്കേടാണ് ഇന്നത്തെ മക്കൾ ഇങ്ങനെയുള്ള വരാണ്.

നോക്കി നിൽക്കുമ്പോൾ ഭാവം മാറുന്ന, ബന്ധങ്ങൾ മറക്കുന്ന, സ്വന്തം ലാഭം മാത്രം ലക്ഷ്യമിടുന്ന ഒരു തലമുറയാണ് ഇന്ന് വളർന്നുവരുന്നത്. ആറ്റുനോറ്റു വളർത്തി വലുതാക്കിയ മക്കൾക്ക് തങ്ങളൊരു ഭാരമാണെന്നറിയുമ്പോൾ മാതാപിതാക്കൾക്കുണ്ടാകുന്ന ദുഃഖം, എന്തൊക്കെ തെറ്റുകൾ ചെയ്താലും മക്കളെ തള്ളിപ്പറയാൻ വിസമ്മതിക്കുന്ന മാതാപിതാക്കളുടെ മനസ്സിന്റെ വിശാലത ഒക്കെ നാം മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. മാതാപിതാക്കളെ പാഴ്വസ്തുക്കളുടെ കൂടെ പുറന്തള്ളുമ്പോൾ, ഗ്രാമാന്തർഭാഗങ്ങളിൽപോലും വൃദ്ധസദനങ്ങൾ പെരുകുന്നു. വൃദ്ധസദനങ്ങളും, വയോജനകേന്ദ്രങ്ങളും, വിശ്രാന്തിഭവനുകളുമെല്ലാം പ്രായമായവരെ കുടുംബ

ത്തിൽനിന്ന് മാറ്റിപ്പാർപ്പിക്കുവാനും തങ്ങളുടെ കർത്തവ്യങ്ങളിൽനിന്നും തലയൂരാനും പുതുതലമുറ തന്ത്രപൂർവ്വം നടത്തിയ ഗവേഷണങ്ങളുടെ അനന്തരഫലങ്ങളാണ്.

എല്ലാം കച്ചവടവത്കൃതമായ ഈ ലോകത്ത് വൃദ്ധസദനങ്ങളും കച്ചവടമായിരിക്കുന്നു. അതുകൊണ്ടാണ് പല വലിയ ഗ്രൂപ്പുകളും (കമ്പനികളും) തങ്ങളുടെ പ്രവർത്തന മേഖലയിൽനിന്നും അൽപം മാറി ലാഭേച്ഛയോടെ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നത്. മാതാപിതാക്കളെ തങ്ങളുടെ കൂടെ നിർത്താൻ വിമുഖത കാട്ടുന്ന ധനവാന്മാരായ മക്കൾ തങ്ങളുടെ ആഢ്യത്വം പ്രദർശിപ്പിക്കാനായിട്ട് ആഡംബരപൂർണമായ ജീവിതം പ്രദാനം ചെയ്യുന്ന ഇത്തരം വലിയ വൃദ്ധസദനങ്ങളിൽ മാതാപിതാക്കളെ പാർപ്പിക്കുന്നു. ഒന്നിനും ഒരു കുറവുമില്ലാതെ. പക്ഷെ, മാതാപിതാക്കൾ ഇതൊന്നുമല്ല ആഗ്രഹിക്കുന്നത്. മക്കളുടെ സ്നേഹം മാത്രമാണ്. മരിക്കുന്നതുവരെ മക്കളോടൊപ്പം ജീവിക്കുവാനാണ്.

നമ്മുടെ ഈ കൊച്ചുകേരളത്തിൽതന്നെ അമ്പതോളം വൃദ്ധസദനങ്ങളുണ്ടെന്നാണ് കണക്ക്. ഈ വൃദ്ധസദനങ്ങളിലായി ഇരുപതിനായിരത്തിലേറെപ്പേർ കഴിയുന്നുമുണ്ട്. വൃദ്ധസദനങ്ങളുടെ നാലു ചുവരുകൾക്കിടയിൽ നിരവധി ഹൃദയങ്ങൾ നീറിപ്പുകയുന്നു.

ഒരു വലിയ സാമൂഹികപ്രശ്നമായി വൃദ്ധസദനങ്ങൾ ഇന്ന് മാറിയിരിക്കുന്നു. ഇന്നത്തെക്കാലത്ത് വൃദ്ധസദനങ്ങൾ ഒരു അനിവാര്യമായി മാറിയിരിക്കുന്നു എന്നു വേണമെങ്കിൽ പറയാം. സമൂഹമനഃസ്സാക്ഷിയിൽ വിള്ളലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇന്നത്തെക്കാലത്ത് വൃദ്ധസദനങ്ങൾ അനിവാര്യമായി മാറുന്നു.

വൃദ്ധജനങ്ങളോടുള്ള പുതുതലമുറയുടെ മനോഭാവത്തിന് വന്ന മാറ്റമാണ് വൃദ്ധമാതാപിതാക്കൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ക്കൊരു കാരണം. മക്കളെ നല്ലനിലയിൽ എത്തിക്കുന്നതിനു വേണ്ടി ആരോഗ്യവും സമ്പത്തും ചിലവിടുന്ന മാതാപിതാക്കളെ സംരക്ഷിക്കുക എന്നത് മക്കളുടെ കടമയാണ്. കർത്തവ്യമാണ്. ഇന്ന് പലരും അത് വിസ്മരിച്ചുകൊണ്ട് സുഖഭോഗങ്ങൾ അന്വേഷിച്ചുള്ള ഓട്ടപ്പാച്ചിലിലാണ്. അവിടെ നഷ്ടമാകുന്നത് സാമൂഹ്യബന്ധങ്ങളും നന്മകളുമാണ്.

ക്രൂശിൽ പ്രാണത്യാഗം ചെയ്യുന്ന സമയത്തും യേശുവിന് തന്റെ മാതാവിനോടുള്ള കരുതൽ ഇവിടെ സ്മരണീയമാണ്. തന്റെ മാതാവിനെ ശിഷ്യനെ ഏൽപ്പിക്കുമ്പോൾ, മാതാവിന് ശിഷ്യനെ മകനായി നൽകുമ്പോൾ ക്രൂശിൽ തിളങ്ങുന്ന പുത്രസ്നേഹമാണ്, കരുതലാണ് ദൃശ്യമാകുന്നത്. ഉത്തമപുത്രനെയാണ് ഇവിടെ കാണാൻ കഴിയുന്നത്.

മക്കളില്ലാത്ത വൃദ്ധരുടെ ജീവിതം സുരക്ഷിതമാക്കുന്നതിന് വൃദ്ധസദനങ്ങൾ ആവശ്യമാണ്. വിദേശത്ത് ജോലിയെടുക്കുന്ന മക്കൾക്ക് മാതാപിതാക്കളെ സുരക്ഷിതമായി പാർപ്പിക്കുന്നതിനും ഇന്ന് വൃദ്ധസദനങ്ങൾ ആവശ്യമാണ്. എന്നാൽ, എല്ലാവരുമുണ്ടായിട്ടും അനാഥത്വത്തിന്റെ വറചട്ടിയിലേക്കാണ് ഇന്ന് പല വൃദ്ധരും എടുത്തെറിയപ്പെടുന്നത്. ജീവിതരീതിയിലും സംസ്കാരത്തിലും വന്ന മാറ്റങ്ങളും അണുകുടുംബങ്ങളുടെ ആവിർഭാവവുമെല്ലാം അനാഥമാക്കപ്പെടുന്ന വാർദ്ധക്യം ഒരു ക്രൂരയാഥാർത്ഥമായി സമൂഹത്തിനു മുന്നിൽ ഉറഞ്ഞുതുള്ളുന്നതിന് കാരണമാകുന്നു.

പുതിയ തലമുറ പ്രായമായവരെ അവഗണിക്കുന്നത് ശരിയല്ല. അവരും സമൂഹത്തിന്റെ ഭാഗമാണ്. അവരിൽനിന്നും നമുക്ക് പലതും പഠിക്കാനുണ്ട്. അതിന് അവരെ സമൂഹത്തിന്റെ ഭാഗമായി അംഗീകരിക്കുകയും ബഹുമാനിക്കുകയും, നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം. ഞാൻ യഹോവയാകുന്നു. വൃദ്ധരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു സമൂഹം രൂപപ്പെടുകയാണെങ്കിൽ ഈ ഭൂമിയിൽ സ്വർഗം പിറക്കും.

വധുവിനെ ആവശ്യമുണ്ട്

ക്രിസ്ത്യൻ യുവാവ്, 28 വയസ്, 175 സെ.മി പൊക്കം, ബി.ടെക്ക് വിദ്യാഭ്യാസം. ബി.ടെക്ക്, എം.ബി.ബി.എസ്, ബി.ഡി.എസ്. എന്നീ യോഗ്യതയുള്ള യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹ ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

ഫോൺ: 0481-2473615, 944612448

വരനെ ആവശ്യമുണ്ട്

യാക്കോബായ യുവതി 25/157 സെ.മീ, എം.ടെക്ക്, എം.എൻ.സി. കൊച്ചി. നാട്ടിൽ ജോലിയുള്ള അനുയോജ്യരായ യാക്കോബായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9496114254, 0481-2771327

യാക്കോബായ യുവതി 28/165 സെ.മീ, ബി.എസ്. സി നഴ്സ്, ദുബായിൽ സർക്കാർ ജോലി. യു.എ.ഇ.ൽ ജോലിയുള്ള യാക്കോബായ യുവാക്കൾക്ക് മുൻഗണന 8547260385, 9496114285

വധുവിനെ ആവശ്യമുണ്ട്

യാക്കോബായ യുവാവ്, 30 വയസ്സ്, 173 സെ.മി.പൊക്കം, ഡൽഹിയിൽ നേഴ്സായി ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. 9895413110

യാക്കോബായ യുവാവ്, 31 വയസ്സ്, 170 സെ.മീ, സ്വന്തമായി ഇലക്ട്രോണിക്സ് സർവ്വീസ് സെന്റർ നടത്തുന്നു. ഫോൺ: 9947610339

യാക്കോബായ യുവാവ്,പുരാതന കുടുംബം, 38 വയസ്, 164 സെ.മീ, നല്ല സാമ്പത്തികം, പ്രൈവറ്റ് ജോലി. ഫോൺ: 9447853596

യാക്കോബായ യുവാവ് 26/170 ബി.എസ്.സി. ഹോട്ടൽ മാനേജ്മെന്റ് ദുബായി ജോലി. മൊബൈൽ: 9447287103

യാക്കോബായ യുവതി ഇടത്തരം കുടുംബം 26/152സെ.മീ, ബി.എസ്. സി നഴ്സ്, സൗദി, ലീവിൽ വന്നിട്ടുണ്ട്. നാട്ടിലോ വിദേശത്തോ ജോലിയുള്ള വിദ്യാഭ്യാസ യോഗ്യതയുള്ള യുവാക്കളുടെ രക്ഷിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 9061689396

യാക്കോബായ യുവതി 28/158 സെ.മി, ബി.എസ്.സി, സൗദി നഴ്സ്, ഫോൺ: 9447168471, 0481-2372470

വധുവിനെ ആവശ്യമുണ്ട്

യാക്കോബായ യുവാവ്, 28 വയസ്സ്, 170 സെ. മി. പൊക്കം. ഐ.ടി.ഐ., സൗദി ദമാമിൽ ജോലി. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. നേഴ്സിനു മുൻഗണന.

ഫോൺ:0481-2771518, 8593919901

യാക്കോബായ യുവാവ്, 30/162 ജി.എൻ.എം. കുവൈറ്റ് മിനിസ്ട്രിയിൽ നഴ്സ്. കുവൈറ്റിൽ ജോലി ചെയ്യുന്ന യുവതികളുടെ മാതാപിതാക്കളിൽനിന്ന് ആലോചനകളിൽ ക്ഷണിക്കുന്നു.

9744578566

യാക്കോബായ യുവാവ്, 37 വയസ്, 170 സെ.മീ, ഫിസിയോതെറാപ്പിസ്റ്റ്. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹ ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

ഫോൺ: 9447016744

strengthening dreams

മേരിമാതാ അസ്സോസിയേറ്റ്സ്

പീടിയേക്കൽ ബിൽഡിംഗ്സ്, മണർകാട് പള്ളിക്ക് പടിഞ്ഞാറുവശം

Mob : 9447306751, 9061356752, 9061356753

കമ്പി, സിമന്റ്, M സാന്റ്, മെറ്റിൽ, ഇഷ്ടിക എന്നീ കെട്ടിട നിർമ്മാണ സാമഗ്രികളുടെ മൊത്ത-ചില്ലറ വിപണനകേന്ദ്രം

പ്രൊപ്രൈറ്റർ
സാജൻ പീടിയേക്കൽ

Dealers in:
RAMCO SUPER GRADE As strong as family bonds
PULKIT TMT BARS
SANKAR
VIZAG STEEL Pride of Steel
BIRLA GOLD PREMIUM CEMENT

AXIS
Digital land survey & consultancy
Opp: Collectorate, Kottayam 686 002
Mob: 94462 00979, 94465 00979
e-mail: axisurveyors@gmail.com, www.axissurveyors.in

• Digital land surveying & Contouring
• Soil Testing & Foundation Recommendation

Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam